**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നേടുന്നതിന് നൽകി വരുന്ന സഹായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) | സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്‌സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്‌സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് |

അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആന്റ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവ് വരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന യുവ സംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഏവിയേഷൻ, ഇലക്ട്രോണിക്സ്, മറൈൻ വ്യവസായം, പ്ലാസ്റ്റിക് വ്യവസായം, ആരോഗ്യം, പ്രിന്റിംഗ് ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം KELTRON, KASE, ASAP, CIPET, Kuttukkaran Institute തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും

സ്വയംപര്യാപ്തരാക്കുന്നതിനുമായി ധാരാളം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

<u>തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ</u>

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും, തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ മൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ ആന്റ് ഡിജിറ്റൽ മീഡിയ മേഖലയിലെ കോഴ്സുകൾ നടത്തുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽദാതാക്കളുമായി ചേർന്ന് പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നു.

കൂടാതെ അഭ്യസ്തവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിലും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഹോണറേറിയം നൽകി വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് TRACE പദ്ധതി (Training for Career Excellence). ഇതിന്റെ ഭാഗമായി എസ്.ടി പ്രമോട്ടർ, അക്രഡിറ്റഡ് എഞ്ചിനീയർ, സോഷ്യൽ വർക്കർ, മാനേജ്മെന്റ് ട്രെയിനി, സ്റ്റുഡന്റ് കൗൺസിലർ, മെന്റർ ടീച്ചർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ നഴ്സിംഗ്, പാരാമെഡിക്കൽ മേഖലകളിലും ഇത്തരത്തിൽ നിയമനം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ നിയമ ബിരുദധാരികൾക്ക് പ്രഗത്ഭരായ സീനിയർ അഭിഭാഷകർക്കൊപ്പം പ്രാക്ടീസ് ചെയ്യുന്നതിന് അവസരം നൽകുകയും ഓണറേറിയം വകുപ്പ് മുഖേന നൽകുകയും ചെയ്യുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 500 പട്ടികവർഗ യുവതിയുവാക്കളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലും നിയമിച്ചിട്ടുണ്ട്.

പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച്

| | | | |
|---|---|---|---|
| | | | **വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 82 നഴ്സിംഗ് ബിരുദം/ ഡിപ്ലോമ യോഗ്യതയുള്ള പട്ടികവർഗ യുവതീയുവാക്കൾക്ക് ഹോണറേറിയം വ്യവസ്ഥയിലും ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സ്വന്തം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുമോ; | (ബി) | **പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നതിനായി വകുപ്പിന്റെ ഭാഗമായുള്ള ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത വിഭാഗത്തിലുള്ളവർക്ക് മുദ്രാലോൺ മാതൃകയിൽ ധനസഹായ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **വ്യക്തികൾ, ഗ്രൂപ്പുകൾ, കേരള സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ സ്റ്റാർട്ടപ് സംരംഭങ്ങൾ എന്നിവർക്ക് അർഹതയുണ്ടായിരിക്കുന്നതും പ്രോജക്ട് വായ്പാധിഷ്ഠിതമായിരിക്കുന്നതുമാണ്. 80% തുക പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്നതും, അടങ്കൽ തുകയുടെ 20% കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ കോർപ്പറേഷനിൽ നിന്നോ ബാങ്കിൽ നിന്നോ വായ്പ എടുത്തിരിക്കണം. കേരള എംപവർമെന്റ് സൊസൈറ്റി (ഉന്നതി) മുഖാന്തരമായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ